രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 55 — 26.09.2011 മറുപടിക്ക്

## പെൻഷൻ പ്രായം ഉയർത്താനുള്ള നടപടി

ചോദ്യം — ഉത്തരം

ശ്രീ. വി. ശശി — ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി

| | | |
|---|---|---|
| (എ.) | സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്താനും വിരമിക്കൽ തീയതി ഏകീകരണം മാറ്റാനും ഉദ്ദേശിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച ചർച്ചകൾ നടന്നിട്ടുണ്ടോ ; | സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ തീയതി ഏകീകരിച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും, ഈ സമിതി വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് ടി വിഷയത്തിൽ അഭിപ്രായസമന്വയത്തിനായുള്ള പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്തു കഴിഞ്ഞു. മറ്റ് രാഷ്ട്രീയ സംഘടനകളും മറ്റുമായുള്ള തുടർ ചർച്ചകളും അനന്തര നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ ഒരു തീരുമാനമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. പെൻഷൻ പ്രായം ഉയർത്താൻ തീരുമാനം എടുത്തിട്ടില്ല. |
| (ബി.) | പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ? | പ്രസ്തുത ചർച്ചകൾ പ്രാഥമിക ഘട്ടത്തിലാണ്. തുടർ ചർച്ചകൾക്കും അഭിപ്രായ സമന്വയത്തിനും ശേഷം മാത്രമേ അനന്തര നടപടികളെക്കുറിച്ച് തീരുമാനമുണ്ടാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ